# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 1

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനം ഏത് വരെയായി ;<br><br>(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ സർവ്വ കക്ഷിയോഗം വിളിച്ചത് എന്നാണ്;<br><br>(സി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) & (സി) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010 – ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012 – ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിയ്ക്കു ശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013 – ൽ ടെണ്ടർ വിളിച്ചു.<br><br>വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി.<br><br>പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. |

നിർമ്മാണഘട്ടത്തിലേയ്ക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിയ്ക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ഇതിൽ നിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്.

ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനു ശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി.

അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ

ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

**സെക്ഷൻ ഓഫീസർ**